റവന്യൂ കമ്മി വിലയിരുത്തിയതും നികുതിയേതര റവന്യൂ വരുമാനത്തിലെ വളർച്ചാ നിരക്ക് കണക്കാക്കിയതും യഥാർത്ഥ്യമല്ലെന്ന് കാര്യം കമ്മീഷൻ മുൻപാകെ അവതരിപ്പിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന കടം തിരിച്ചടയ്ക്കുന്നതിന് അനുഭവിയ്ക്കുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് സംസ്ഥാന പദ്ധതിയ്ക്കുള്ള കേന്ദ്ര സഹായം 50% വായ്പയും 50% ഗ്രാന്റുമായി കണക്കാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുൻപ് നിലവിലുണ്ടായിരുന്ന 85% ആദായ നികുതി വിഹിതം പത്താം ധനകാര്യ കമ്മീഷൻ 77.5% ആയി കുറച്ചത് വീണ്ടും 85% ആയി ഉയർത്തണമെന്നും എക്സൈസ് ഡ്യൂട്ടിയുടെ വിഹിതം നിലവിലുള്ള 40%എന്നത് 47.5% ആയി ഉയർത്തണമെന്ന ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പദ്ധതി നടത്തിപ്പിനു ലഭിയ്ക്കുന്ന കേന്ദ്രസഹായം വിഹിതം 45% ആയി വർദ്ധിപ്പിയ്ക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

14 (302) കരാറുകാർക്ക് കൊടുക്കാനുള്ള കുടിശ്ശിക

ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി, ജലസേചനം എന്നീ വകുപ്പുകളിലെ കരാറുകാർക്ക് ഇപ്പോൾ എത്ര കോടി രൂപ വീതം കുടിശ്ശിക കൊടുക്കുവാനുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഈ രണ്ട് ഡിപ്പാർട്ടുമെന്റുകളിലും കരാറുകാർക്ക് എത്ര കോടി രൂപ വീതം കുടിശ്ശിക കൊടുക്കുവാൻ ഉണ്ടായിരുന്നു;

(സി) കുടിശ്ശിക കൊടുത്ത് തീർക്കുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി)

1.	റോഡുകളും പാലങ്ങളും	-	177.07 കോടി
2.	കെട്ടിടങ്ങൾ	-	17.82 കോടി
3.	ഇറിഗേഷൻ അഡ്മിനിസ്ട്രേഷൻ	-	60.48 കോടി
4.	പ്രോജക്ട് ഒന്ന്	-	11.16 കോടി
5.	പ്രോജക്ട് രണ്ട്	-	11.17 കോടി
6.	പ്രോജക്ട് മൂന്ന്	-	6.75 കോടി
7.	ഇറിഗേഷൻ ഐ.സി.ആർ.ബി	-	.005 കോടി
8.	ഇറിഗേഷൻ ഇൻവെസ്റ്റിഗേഷൻ	-	35.39 കോടി
9.	നാഷണൽ ഹൈവേ	-	1.19 കോടി

(സി) പി.ഡബ്ല്യൂ.ഡി, ജലസേചനം എന്നീ വകുപ്പുകളിൽ വർക്കുകൾക്ക് ഉൾപ്പെടുത്തിയിരിക്കുന്ന മുഴുവൻ തുകയും കരാറുകാരുടെ കുടിശ്ശിക

LIBRARY ARCHIVES Kerala Legislative Assembly

തീർക്കുന്നതിനാണ് വിനിയോഗിക്കുന്നത്. കൂടാതെ കുടിശ്ശിക തീർക്കുന്നത് ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഒന്നാമത് ഉപധനാഭ്യർത്ഥനയിൽ 160 കോടി രൂപ ഈ ആവശ്യത്തിന് വകയിരുത്തിയിട്ടുണ്ട്.

15 (303) നികുതി പിരിവ് ഊർജ്ജിതമാക്കാനും നികുതി വെട്ടിപ്പ് തടയാനും നടപടി

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. ആന്റണി രാജു :

ഡോ. കെ.സി. ജോസഫ് :

ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിൽപ്പന നികുതി, കാർഷികാദായ നികുതി എന്നിവയുടെ പിരിവ് ഈ സാമ്പത്തിക വർഷം മുൻ വർഷത്തെക്കാൾ കുറവായിരുന്നുവോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലയിലാണ് ഈ കുറവ് അനുഭവപ്പെട്ടത്;

(സി) ഇപ്രകാരം നികുതി പിരിവിൽ കുറവുണ്ടാകാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) ഇപ്രകാരമുള്ള കുറവു തടയുന്നതിന് എന്തു നടപടി സ്വീകരിച്ചു;

(ഇ) നികുതി പിരിവ് ഊർജ്ജിതമാക്കുവാനും നികുതി തട്ടിപ്പ് തടയുവാനും കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പിരിവ് മുൻവർഷത്തെക്കാൾ കൂടുതലായിരുന്നു. 30.11.1999 വരെ വിൽപ്പന നികുതിയിനത്തിൽ 2090.36 കോടി രൂപയും കാർഷികാദായ നികുതിയിനത്തിൽ 6.25 കോടി രൂപയും പിരിഞ്ഞുകിട്ടിയിട്ടുണ്ട്. കഴിഞ്ഞ വർഷം (30.11.1998) ഇത് യഥാക്രമം 1853.30 കോടി രൂപയും 3.34 കോടി രൂപയും ആയിരുന്നു.

(ബി)(സി)&(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

16 (304) ഏകീകൃത വിൽപ്പന നികുതി സമ്പ്രദായം

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ.എം. മാണി :

ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യമൊട്ടാകെ ഏകീകൃത വിൽപ്പന നികുതി സമ്പ്രദായം ഏർപ്പെടുത്താനുള്ള കേന്ദ്രഗവൺമെന്റ് പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്നും ഇത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ എപ്രകാരം ബാധിക്കുമെന്നും വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly